# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 339** | **06-08-2021 - ൽ മറുപടിയ്ക്ക്**

## വനവൽക്കരണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനശോഷണത്തിന് കാരണമാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ ഗ്രീൻ ഇൻഡ്യ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ ഏന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | കാലാവസ്ഥാ വ്യതിയാനം മൂലം പരിസ്ഥിതിയ്ക്കും പ്രത്യേകിച്ച് വനങ്ങൾക്കും ഉണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി. ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കി വരുന്നു. കാലിമേച്ചിൽ, വിറക് ശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും, വനങ്ങൾക്കു പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ വൃക്ഷ തൈകളുടെ ഉത്പാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധന ഉപയോഗം, ഉല്പാദനക്ഷമതയുള്ള കാലി വളർത്തൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ളഗിംങ്, മനുഷ്യ-വന്യജീവി സംഘർഷം കുറക്കുന്നതിനുള്ള നടപടികൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് മേൽ ഉപദൗത്യങ്ങളിലൂടെ നടപ്പാക്കി വരുന്നത്. |
| (ബി) | വനത്തിനുള്ളിലും വനത്തിന് പുറത്തും വൃക്ഷാവരണം വർദ്ധിപ്പിക്കാൻ പദ്ധതി ലക്ഷ്യമാക്കുന്നുണ്ടോ; സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ കാർഷിക വനവൽക്കരണം ഉൾപ്പെടുത്തുകയെന്ന | (ബി) | വനത്തിനുള്ളിലും വനത്തിന് പുറത്തും വൃക്ഷാവരണം വർദ്ധിപ്പിക്കുക എന്നത് ഗ്രീൻഇൻഡ്യാ മിഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. വനത്തിനുള്ളിലെ വന സംരക്ഷണ, വനവൽക്കരണ |

| | | | |
|---|---|---|---|
| | ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | | പദ്ധതി പ്രവർത്തനങ്ങൾ ടെറിട്ടോറിയൽ വനം ഡിവിഷനുകളും, വൈൽഡ്ലൈഫ് വനം ഡിവിഷനുകളും നിർവഹിക്കുന്നു. വനത്തിനു പുറത്തെ സോഷ്യൽ ഫോറസ്ട്രി-അഗ്രോഫോറസ്ട്രി പ്രവർത്തനങ്ങൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം വഴിയും നടപ്പാക്കുന്നു. ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് അവർ ചെയ്യുന്ന കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ വിവിധ ഫലവൃക്ഷങ്ങൾ ഇടവിളയായി നട്ട് വളർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കർഷകരുടെ ഭൂമിയിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും, കർഷകർക്ക് വനവൽക്കരണത്തിൽ താല്പര്യം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (സി) | ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി വന സംരക്ഷണ സമിതികൾ വഴി സംസ്ഥാനത്ത് വന വികസന ഏജൻസി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) | പ്രക്ഷീണ വനങ്ങളുടെ സംരക്ഷണത്തിനായി പങ്കാളിത്ത വനപരിപാലന തത്വത്തിൻ കീഴിൽ 2002-03 മുതൽ 2015-16 വരെ സംസ്ഥാനത്ത് നടപ്പാക്കി വന്നിരുന്ന പദ്ധതിയാണ് ദേശീയ വന വൽക്കരണ പദ്ധതി (National Afforestation Programme). സംസ്ഥാനത്തെ വിവിധ വന വികാസ ഏജൻസികളുടെ (FDA) നേതൃത്വത്തിൽ ബന്ധപ്പെട്ട വനസംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ വഴിയാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയിരുന്നത്. ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും അതിലൂടെ അവരുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയുമാണ് ദേശീയ വന വൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. മുള, ഈറ തുടങ്ങിയ വനവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും വഴി വനാശ്രിത സമൂഹങ്ങളുടെ തൊഴിൽ സംരക്ഷണവും ടി പദ്ധതിയിലൂടെ ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ വനാശ്രിത സമൂഹത്തിന് വനത്തെയും വന സംരക്ഷണ-പരിപാലന പ്രവർത്തനങ്ങളെയും വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യത്തെയും സംബന്ധിച്ച് അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജലസംരക്ഷണം, എന്നിങ്ങനെ വിവിധ പരിപാടികളും ദേശീയ വനവൽക്കരണ പരിപാടി വഴി നടപ്പാക്കിയിട്ടുണ്ട്. ഈ പരിപാടിയുടെ ഭാഗമായ Entry Point Activities ന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | ജലവിതരണ സംവിധാനങ്ങൾ, കുളങ്ങളുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതു ആസ്തികൾ സൃഷ്ടിക്കൽ, പ്രകൃതി സൗഹൃദ ഊർജ്ജ സംവിധാനങ്ങളുടെ വിതരണം എന്നിവയും ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ